**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6657** **11-11-2021 - ൽ മറുപടിയ്ക്ക്**

**ജയിൽ ശിക്ഷയ്ക്ക് പകരം നല്ലനടപ്പും സാമൂഹ്യസേവനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും ചെറിയ കുറ്റങ്ങൾക്ക് ജയിൽ ശിക്ഷയ്ക്ക് പകരം നല്ലനടപ്പും സാമൂഹ്യസേവനവും നിർബന്ധമാക്കുന്നതിനും കഴിയും വിധം എന്തെങ്കിലും പദ്ധതി വകുപ്പ് നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും, ചെറിയ കുറ്റങ്ങൾക്ക് ജയിൽ ശിക്ഷയ്ക്ക് പകരം നല്ലനടപ്പ് നിർബന്ധമാക്കുന്നതിനും കഴിയും വിധം സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന സേവന പദ്ധതിയാണ് പ്രൊബേഷൻ & ആഫ്റ്റർ കെയർ സർവ്വീസസ്. വധശിക്ഷയോ ജീവപര്യന്തമോ ശിക്ഷ വിധിയ്ക്കാവുന്ന കുറ്റങ്ങൾ, പ്രൊബേഷൻ നിയമത്തിന്റെ ആനുകൂല്യം നൽകരുതെന്ന്പ്രത്യേകം വ്യവസ്ഥ ചെയ്ത ചില നിയമങ്ങൾ പ്രകാരമുള്ള കുറ്റങ്ങൾ എന്നിവ ഒഴികെയുള്ള കുറ്റകൃത്യം ചെയ്തവരെ ജയിൽ ശിക്ഷയ്ക്ക് പകരം ഒരു വർഷം മുതൽ 3 വർഷം വരെ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിൻമേൽ നല്ലനടപ്പ് ജാമ്യത്തിൽ വിട്ടയയ്ക്കുന്നതിനു വ്യവസ്ഥ ചെയ്തിട്ടുള്ള Probation of Offenders Act 1958, വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഇപ്രകാരം നല്ലനടപ്പിൽ വിടുന്ന വ്യക്തിയുടെ നൻമയ്ക്കും സാമൂഹിക പുനരധിവാസം ഉറപ്പുവരുത്തുന്നതിനും സമൂഹത്തിന്റെ സുരക്ഷയ്ക്കും വേണ്ടി ടിയാളെ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിലാണ് നല്ലനടപ്പിൽ വിടുന്നത്. കുറ്റകൃത്യം ആവർത്തിക്കാതിരിക്കാനുള്ള വ്യവസ്ഥകൾ കോടതി ഉത്തരവിൽ ഉണ്ടാകും. പ്രൊബേഷനിൽ വിട്ടയയ്ക്കപ്പെട്ട വ്യക്തിയ്ക്ക് കുറ്റകൃത്യം ചെയ്തതിന്റെ പേരിലുള്ള യാതൊരു അയോഗ്യതകളും ഉണ്ടാവില്ല . കൂടാതെ കുടുംബജീവിതവും സാമൂഹ്യജീവിതവും തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകുന്നതിനും, ജയിലിലെ കൊടുംകുറ്റവാളി-കളുമായുള്ള സഹവാസം തടയുന്നതിനും പ്രൊബേഷൻ വഴി സാധിക്കുന്നു. ഈ രീതിയിൽ കുറ്റകൃത്യങ്ങൾ പരമാവധി കുറഞ്ഞ ഒരു സമൂഹം സൃഷ്ടിക്കുന്നതിന് പ്രൊബേഷൻ സംവിധാനം വഴി സാധിക്കും. കേരളത്തിൽ പ്രൊബേഷൻ സമ്പ്രദായം ആധുനികവൽക്കരിച്ച് ശക്തിപ്പെടുത്തുന്നതിന് സർക്കാർ ആരംഭിച്ച പദ്ധതിയാണ് നേർവഴി പദ്ധതി. |

കുറ്റവാളികളെ പ്രൊബേഷൻ സംവിധാനം വഴി മാനസികവും സാമൂഹികവുമായി പരിവർത്തനം ചെയ്ത് സമൂഹത്തിന് പ്രയോജനപ്പെടുത്തുന്ന പൗരൻമാരാക്കു-കയാണ് ജില്ലാ പ്രൊബേഷൻ ഓഫീസുകൾ വഴി നടപ്പിലാക്കുന്ന പദ്ധതിയുടെ ലക്ഷ്യം. ലക്ഷ്യങ്ങൾ 1. 18 നും 21നും ഇടയിൽ പ്രായമുള്ള യുവകുറ്റവാളികൾക്ക് തടവുശിക്ഷ നൽകാതെ പ്രൊബേഷൻ സംവിധാനത്തിന്റെ സേവനം ലഭിക്കുവാനുള്ള അവരുടെ നിയമപരമായ അവകാശം സംരക്ഷിക്കുക. 2. ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരെ ജയിൽ ശിക്ഷകൾക്ക്വിധേയരാക്കാതെ പ്രൊബേഷൻ നിയമത്തിന്റെ ആനുകൂല്യം ലഭ്യമാക്കുക. 3. 18 മുതൽ 25 വയസ്സുവരെയുള്ള ആദ്യകുറ്റവാളികളിൽ സാമൂഹ്യമനശാസ്ത്ര ഇടപെടൽ നടത്തി വീണ്ടും കേസിൽപ്പെടാതെ നോക്കുകയും സമഗ്രമായ പരിവർത്തനത്തിന് വിധേയമാക്കുകയും ചെയ്യുക. 4. പ്രൊബേഷൻ നിയമപ്രകാരം പരിഗണിക്കപ്പെടുവാൻ അർഹതയുള്ള വിചാരണ തടവുകാരെ കണ്ടെത്തി അവരുടെ പ്രൊബേഷൻ റിപ്പോർട്ട്ആവശ്യപ്പെടുന്നതിന് കോടതിയെ സഹായിക്കുക. 5. ജയിൽ മോചിതരായ വ്യക്തികൾക്ക് വീണ്ടും കുറ്റകൃത്യത്തിൽപ്പെടുന്ന സാഹചര്യം ഇല്ലാതാക്കി അവരുടെ സാമൂഹ്യ പുനരധിവാസം ഉറപ്പുവരുത്തുക. 6. തടവുകാരും അവരുടെ കുടുംബാംഗങ്ങളും തമ്മിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിച്ച് കുടുംബ സാമൂഹ്യ പുനസംയോജനം സുഗമമാക്കുക. 17/02/2021 ലെ സ.ഉ.(സാധാ)നം.7/2021/സാനീവ. പ്രകാരം പ്രൊബേഷൻ സംബന്ധിച്ച സംസ്ഥാന നയം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. സാമൂഹ്യസേവനം ഒരു ശിക്ഷയെന്ന നിലയിൽ നടപ്പിലാക്കുന്നത് പ്രസ്തുത നയത്തിന്റെ കർമ്മപരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. സംസ്ഥാന നിയമങ്ങളിൽ ശിക്ഷയ്ക്കു പകരമായി സാമൂഹ്യസേവനം ഉൾപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച് പഠനങ്ങൾ നടത്തുക, ഇതിലേയ്ക്ക് ആവശ്യമായ നിയമ നിർമ്മാണം നടത്തുക, പൊതുജനങ്ങൾക്ക് ഉപയുക്തമാകുന്ന രീതിയിലും കുറ്റവാളികളുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുയോജ്യമായതുമായ സാമൂഹ്യസേവനങ്ങൾ കണ്ടെത്തി നൽകുക, ബാലനീതി നിയമ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയ മാതൃകയിൽ കുറ്റവാളികൾ സാമൂഹ്യസേവനം നിർവ്വഹിക്കുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ പ്രൊബേഷൻ സംബന്ധിച്ച

| | | | |
|---|---|---|---|
| | | | സംസ്ഥാന നയവുമായി ബന്ധപ്പെട്ട് ആരംഭിക്കുന്നതിന് വകുപ്പ് ആലോചിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ